## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3925 15/03/2017-ൽ മറുപടിക്ക്

## വൈദ്യുതി സെക്ഷൻ ഓഫീസുകളുടെ സേവന പരിധി

| | ചോദ്യം<br><br>**ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി സെക്ഷൻ ഓഫീസുകളുടെ സേവന പരിധിക്കായി സർക്കാർ നിശ്ചയിച്ച ദൂര വ്യാപ്തിയും ഉപഭോക്താക്കാളുടെ പരമാവധി എണ്ണവും എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | വൈദ്യുതി സെക്ഷൻ ഓഫീസുകളുടെ സേവന പരിധിക്കായി ദൂര വ്യാപ്തിയും ഉപഭോക്താക്കളുടെ പരമാവധി എണ്ണവും നിശ്ചയിച്ചിട്ടില്ല. എന്നാൽ സെക്ഷൻ ഓഫീസുകൾ വിഭജിക്കുമ്പോൾ നിലവിലുള്ള സെക്ഷന്റെ വിസ്തൃതി, ഉപഭോക്താക്കളുടെ എണ്ണം, എന്നിവ കൂടാതെ ഭൂപ്രകൃതിയും മറ്റ് സാഹചര്യങ്ങളും കണക്കിലെടുക്കാറുണ്ട്.<br><br>നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25,000 ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20,000 ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. |
| (ബി) | കാസർഗോഡ്, നെല്ലിക്കുന്ന്, ചെർക്കള, ബദിയഡുക്ക, മുള്ളേരിയ എന്നീ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തന ദൂര വ്യാപ്തി, ഉപഭോക്താക്കളുടെ എണ്ണം, അനുവദിക്കപ്പെട്ട ജീവനക്കാരുടെ എണ്ണം നിലവിലുള്ള വാഹനങ്ങളുടെ വിവരം, | (ബി) | സെക്ഷൻ തിരിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു. |

<table>
<tr>
<td></td>
<td>ആവശ്യമുള്ള വാഹനങ്ങളുടെ വിവരം എന്നിവ സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;</td>
<td></td>
<td>
<table>
<tr><th>സെക്ഷൻ</th><th>വിസ്തൃതി (പ്രവർത്തന ദൂര വ്യാപ്തി) sq.km</th><th>ഉപഭോക്താക്കളുടെ എണ്ണം</th><th>അനുവദിക്കപ്പെട്ട ജീവനക്കാരുടെ എണ്ണം</th><th>നിലവിലുള്ള വാഹനങ്ങളുടെ വിവരം</th></tr>
<tr><td>കാസർഗോഡ്</td><td>29.98</td><td>21984</td><td>38</td><td>വാടകയ്ക്കെടുത്ത വാഹനം</td></tr>
<tr><td>നെല്ലിക്കുന്ന്</td><td>40.65</td><td>23093</td><td>42</td><td>വാടകയ്ക്കെടുത്ത വാഹനം</td></tr>
<tr><td>ചെർക്കള</td><td>63.53</td><td>25262</td><td>41</td><td>ഡിപ്പാർട്ട്മെന്റ് വാഹനം</td></tr>
<tr><td>ബദിയഡുക്ക</td><td>118.70</td><td>18716</td><td>39</td><td>വാടകയ്ക്കെടുത്ത വാഹനം</td></tr>
<tr><td>മുള്ളേരിയ</td><td>140.25</td><td>18284</td><td>35</td><td>വാടകയ്ക്കെടുത്ത വാഹനം</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>ചെർക്കള സെക്ഷൻ ഓഫീസ് വിഭജിക്കേണ്ട ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td>
<td rowspan="2">(സി) & (ഡി)</td>
<td rowspan="2">ചെർക്കള സെക്ഷന്റെ വിഭജനം സംബന്ധിച്ച അപേക്ഷ വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തി വിതരണ മേഖല പുന:സംഘടിപ്പിക്കാൻ ആലോചിച്ചു വരുന്നു. ഇതിന്റെ ഭാഗമായി മാത്രമേ പുതിയ സെക്ഷൻ സംബന്ധിച്ച നിർദ്ദേശവും പരിഗണിക്കുകയുള്ളൂ.</td>
</tr>
<tr>
<td>(ഡി)</td>
<td>പ്രസ്തുത ആവശ്യത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?</td>
</tr>
</table>

സെക്ഷൻ ഓഫീസർ